(എ) സെറിഫെഡുമായി ചേർന്ന് കൈത്തറി മേഖലയിൽ ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതികൾ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നത്;

(സി) ഈ പദ്ധതികളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ സെറിഫെഡിന്റെ അംഗസംഘമായ തിരുവനന്തപുരം താലൂക്ക് സെറികൾച്ചർ സഹകരണസംഘം മുഖേന 100 തറികളിൽ പട്ട് നെയ്ത്തിനുള്ള കമ്മ്യൂണിറ്റി സിൽക്ക് വീവിംഗ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ.

(സി) പ്രസ്തുത പദ്ധതിയിലൂടെ 100 പേർക്ക് നേരിട്ട് തൊഴിലവസരം ലഭിക്കുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പുനിയമം

132 [3388] *ശ്രീ. എ. എ. അസീസ്:*
,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ദിഷ്ട ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പുനിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് വെളിപ്പെടുത്തുമോ?

ഉത്തരം

ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

ബി. പി. എൽ., എ. പി. എൽ. നിർണ്ണയത്തിലെ അപാകതകൾ

133 [3389] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ., എ. പി. എൽ. നിർണ്ണയത്തിൽ വ്യാപകമായ നിലയിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബി. പി. എൽ. പട്ടികയിൽപ്പെടുത്തേണ്ട എണ്ണമറ്റ കുടുംബങ്ങൾ സംസ്ഥാനത്തുടനീളം ഉണ്ടെന്ന വസ്തുത കണക്കിലെടുത്ത് നിർണ്ണയത്തിൽ സംഭവിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ബി. പി. എൽ., എ. പി. എൽ. വിഭജനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദീകരിക്കുമോ?

GPM. 2/609/2012—22

LIBRARY ARCHIVES Kerala Legislative Assembly